രോഗികളെ സഹായിക്കുന്നതിനായി അങ്ങ് വന്ന് അതിന്റെ പ്രവർത്തനമാരംഭിച്ച് കരുനാഗപ്പള്ളിക്കാരോട് കാരുണ്യം കാണിക്കണം; അതിന്റെ പേരുതന്നെ കാരുണ്യ ഫാർമസിയെന്നാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള കെട്ടിടംപണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസി ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വൈദ്യുതി, വെള്ളം, ലൈസൻസ് മുതലായവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അവിടെ ആഗസ്റ്റ് മാസത്തിൽ കാരുണ്യ ഫാർമസി ആരംഭിക്കും. അതിനുവേണ്ട നടപടികൾ പൂർത്തീകരിക്കും.

11. പി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, എറണാകുളം ജില്ലയുടെ ആസ്ഥാനമായ കാക്കനാട് പ്രവർത്തിച്ചുവരുന്ന പ്രൈമറി ഹെൽത്ത് സെന്റർ ആശുപത്രിയെ താലൂക്കാശുപത്രിയുടെ ലെവലിലേക്ക് ഉയർത്തണമെന്ന ആവശ്യമാണ് ഉന്നയിക്കുന്നത്. സാങ്കേതികത്വമുണ്ടെന്ന് എനിക്കറിയാം. പ്രൈമറി ഹെൽത്ത് സെന്റർ നേരിട്ട് താലൂക്കാശുപത്രി തലത്തിലേക്ക് ഉയർത്താൻ കഴിയുകയില്ല, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താനേ സാധിക്കുകയുള്ളൂ. പക്ഷെ, ഇത് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു ആശുപത്രിയാണ്. ഇന്ന് ജില്ലാ ആസ്ഥാനത്ത് വേറെ ആശുപത്രികളില്ല. എറണാകുളം ജില്ലയുടെ ആസ്ഥാനത്താണ് ഏറ്റവും കൂടുതൽ കൺസ്ട്രക്ഷൻ നടന്നുകൊണ്ടിരിക്കുന്നത്. ഏകദേശം ഇരുപതിനായിരത്തിലധികം സാധാരണ തൊഴിലാളികൾ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. അവിടെ ഇന്ന് വേണ്ടത്ര ഡോക്ടർമാർ ഇല്ല. ആകെ 3 ഡോക്ടർമാരെയാണ് അനുവദിച്ചത്. അതിൽ ഒരു ഡോക്ടറെ അവിടെനിന്നും മാറ്റി, മറ്റു 2 പേരുള്ളത് ഗൈനക്കോളജിസ്റ്റുമാരാണ്. അവിടെ വരുന്ന ആളുകളിൽ ഭൂരിപക്ഷം പേരും പുരുഷന്മാരാണ്. അതേസമയം അവിടെ ഫാർമസിസ്റ്റ് ഇല്ല. അവിടെ എല്ലാ ദിവസവും ഏകദേശം 600-700 ഒ.പി. വരുന്നുണ്ട്. ആശുപത്രിയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി എന്റെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും ഒരു കോടി രൂപകൊടുത്ത് ഒരു ബ്ലോക്ക് പണിയുന്നുണ്ട്. മുനിസിപ്പാലിറ്റി 50 ലക്ഷം രൂപ മുടക്കി മറ്റൊരു ബ്ലോക്ക് പണിയുന്നുണ്ട്. അങ്ങനെ ഏകദേശം ഒന്നരക്കോടി രൂപ ഇൻഫ്രസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി ഞങ്ങൾ കൊടുക്കാൻ തയ്യാറായി. അതുകൊണ്ട് ഏറ്റവും കൂടുതൽ രോഗികൾ വരുന്ന ഈ താലൂക്കാശുപത്രിക്ക് ജില്ലാ ആസ്ഥാനമെന്ന നിലയിൽ ഒരു പ്രത്യേക പരിഗണന കൊടുത്ത്, നിയമത്തിൽ എന്തെങ്കിലും ഒരു സ്പെഷ്യൽ ഓർഡർ കൊടുത്ത് അതിനെ പ്രൈമറി ഹെൽത്ത് സെന്റർ എന്ന നിലയിൽനിന്ന് താലൂക്കാശുപത്രിയുടെ ലെവലിലേക്ക് ഉയർത്തണം.

LIBRARY ARCHIVES Kerala Legislative Assembly

പനിയും, പകർച്ച വ്യാധികളുമൊക്കെ പടർന്നുപിടിക്കുന്ന ഈ സമയത്ത് അവിടെ വരുന്ന നിർമ്മാണത്തൊഴിലാളികൾക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക ആശുപത്രിയാണിത്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ എറണാകുളത്ത് ഒരുപാട് പ്രൈവറ്റ് ആശുപത്രികളുണ്ട്, അത് ഞാൻ സമ്മതിക്കുന്നു. പക്ഷെ, അവിടെയൊന്നും പാവപ്പെട്ട തൊഴിലാളികൾക്ക് പോകാൻ കഴിയാത്തതുകൊണ്ട് സാധാരണക്കാരുടെ ആശ്രയമായിരിക്കുന്ന ഈ ആശുപത്രിയിൽ അടിയന്തരമായി 5 ഡോക്ടർമാരെയെങ്കിലും നിയമിക്കുന്നതിനും ഇത് അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 29-1-2005-ലാണ് 50 സെന്റ് സ്ഥലത്ത് കാക്കനാട് പി.എച്ച്.സി. സെന്റർ പ്രവർത്തനമാരംഭിച്ചത്. 6-11-2008-ൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.-യായി ഉയർത്തപ്പെട്ട ഈ ആശുപത്രിയിൽ 3 ഡോക്ടർമാരുൾപ്പെടെ 24 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒരു എൻ.ആർ.എച്ച്.എം. ഡോക്ടറുടെ സേവനം ഉച്ചയ്ക്കുശേഷം ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ പ്രതിദിനം ഒ.പി. 275 മുതൽ 400 വരെയാണ്. 3 സബ് സെന്ററുകൾ ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ഇത് താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളത്. പക്ഷെ, ഗവൺമെന്റിന്റെ സമീപനം പി.എച്ച്.സി.-കളെ സി.എച്ച്.സി.കളായും താലൂക്കാശുപത്രിയുടെ ആവശ്യമുണ്ടെങ്കിൽ സി.എച്ച്.സി.കളായും ഉയർത്തുകയെന്നുള്ളതാണ്. കാക്കനാട് പി.എച്ച്.സി.-യെ സി.എച്ച്.സി.യായി ഉയർത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ഗവൺമെന്റിന് ലഭ്യമായിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് സി.എച്ച്.സി.യായി ഉയർത്തുന്നകാര്യം ഗവൺമെന്റ് പരിഗണിക്കും. ഡി.എം.ഒ. നൽകിയ റിപ്പോർട്ട് ഞാൻ പരിശോധിച്ചപ്പോൾ അവിടെ അത് ആവശ്യമാണെന്നുള്ള വിലയിരുത്തൽ ലഭ്യമായിട്ടുണ്ട്. എന്തായാലും എം.എൽ.എ. ഫണ്ടും, മുനിസിപ്പാലിറ്റിയുടെ ഫണ്ടും ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സി.എച്ച്.സി.-യായി അവിടെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിച്ചേരുന്ന തൊഴിലാളികളുടെ ബാഹുല്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സാധാരണഗതിയിൽ പി.എച്ച്.സി.കളിൽ ഉള്ളതിനെക്കാൾ കൂടുതൽ ഡോക്ടർമാർ ഇവിടെയുണ്ട്. എന്തായാലും വളരെ പെട്ടെന്നുതന്നെ എം.എൽ.എ.യുമായി സംസാരിച്ച് ആവശ്യമായ ഡോക്ടർമാരെ ഉടൻതന്നെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

12. മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കിയത് സംബന്ധിച്ച്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, സംസ്ഥാനത്തെ പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രഖ്യാപനം വലിയ പ്രതീക്ഷയാണ് നമുക്കുണ്ടാക്കിയത്. അക്കൂട്ടത്തിലാണ് മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രഖ്യാപനവുമുണ്ടായത്. മലപ്പുറം ജില്ലയിലെ ജനങ്ങൾ പ്രതീക്ഷയോടുകൂടി കണ്ടിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly